പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1987 — 19.06.2012 -ലെ മറുപടി

ശബരിമല ബസ്സിന് ചടയമംഗലത്ത് ഫെയർ സ്റ്റേജ്

| ചോദ്യം<br>ശ്രീ. മുല്ലക്കര രത്നാകരൻ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ശബരിമലയിലേക്ക് ഇക്കഴിഞ്ഞ സീസണിൽ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ അധികമായി ഷെഡ്യൂൾ ചെയ്തുവെന്ന് വ്യക്തമാക്കാമോ; | (എ) | ശബരിമലയിലേക്ക് ഇക്കഴിഞ്ഞ സീസണിൽ കെ.എസ്.ആർ.ടി.സി മുൻ സീസൺ അപേക്ഷിച്ച് 45 ബസ്സുകൾ അധികമായി ഷെഡ്യൂൾ ചെയ്തിട്ടുണ്ട്. |
| (ബി) | ഇതേ സീസണിൽ കെ.എസ്.ആർ.ടി.സി. ചടയമംഗലം ഡിപ്പോയിൽ നിന്നും എത്ര പുതിയ ഷെഡ്യൂളുകളാണ് ശബരിമലയിലേക്ക് ഓപ്പറേറ്റ് ചെയ്തത്; | (ബി) | പ്രതിദിനം ഒരു ഷെഡ്യൂൾ. |
| (സി) | ചടയമംഗലത്ത് ശബരിമല ബസ്സിനു ഫെയർ സ്റ്റേജ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | ഫാസ്റ്റ് പാസഞ്ചർ സർവ്വീസിന് നിലവിൽ ഫെയർ സ്റ്റേജ് ഉണ്ട്. സൂപ്പർ ഫാസ്റ്റ് സർവ്വീസിന് ചടയമംഗലത്തിന് അപ്പുറവും ഇപ്പുറവും ഉള്ള ആയൂരും, കിളിമാനൂരും ഫെയർ സ്റ്റേജുകളാണ്. ആയതിനാൽ സൂപ്പർ ഫാസ്റ്റിന് ചടയമംഗലത്ത് ഫെയർ സ്റ്റേജ് അനുവദിക്കുന്ന കാര്യം പരഗണിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ